# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## മരാമത്ത്‌വകുപ്പ്

No. TDB/EEK/03/2016 – 17 **<u>ദർഘാസ് പരസ്യം</u>**

തിരുവിതാംകൂർ ദേവസ്വംബോർഡിനു വേണ്ടി താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് പരിചയ സമ്പന്നരും സാമ്പത്തിക ഭദ്രതയുമുള്ള തിരുവിതാംകൂർ ദേവസ്വംബോർഡിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ മുദ്രവച്ച കവറിൽ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും പ്രതീക്ഷിക്കുന്ന അടങ്കൽ തുകയും | നിരതദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില (രൂപ) (നികുതികൾ പുറമെ) |
|---|---|---|---|---|
| 01 | T-83/EEK/16-17 | പറവൂർ ഗ്രൂപ്പിൽപ്പെട്ട തിരുവള്ളൂർ ദേവസ്വം ശ്രീകോവിലിലെ ചെമ്പ് തകിട് പാകിയ മേൽകൂരയിലെ ചോർച്ച ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ PAC Rs. 44,56,653/- | 50,000/- | 5000 + VAT |
| 02 | T-84/EEK/16-17 | ടി.ടി. അയ്രൂർ ദുർഗ്ഗാ ഭഗവതി ക്ഷേത്ര ശ്രീകോവിലിന്റെ പുനർ നിർമ്മാണവും മണ്ഡപം നിർമ്മാണവും PAC Rs. 27,13,134/- | 50,000/- | 5000 + VAT |
| 03 | T-85/EEK/16-17 | ടി.ടി. മന്നം ദേവസ്വത്തിലെ ശ്രീകോവിൽ പുനർ നിർമ്മാണ പ്രവർത്തി PAC Rs. 43,31,500/- | 50,000/- | 5000 + VAT |
| 04 | T-86/EEK/16-17 | വൈക്കം ഗ്രൂപ്പിൽപ്പെട്ട റ്റി.വി.പുരം സരസ്വതി ക്ഷേത്ര ശ്രീകോവിൽ പുനർ നിർമ്മാണം PAC Rs. 22,05,063/- | 50,000/- | 5000 + VAT |
| 05 | T-87/EEK/16-17 | ടി.ടി. ശ്രീരാമസ്വാമി ക്ഷേത്ര ശ്രീകോവിലിന്റെ അറ്റകുറ്റപ്പണികൾ PAC Rs. 52,09,795/- | 50,000/- | 5000 + VAT |
| 06 | T-88/EEK/16-17 | ഏറ്റുമാനൂർ ദേവസ്വത്തിലെ ശൗചാലയ സമുച്ചയ നിർമ്മാണം PAC Rs. 1,15,10,000/- | 50,000/- | 5000 + VAT |
| 07 | T-89/EEK/16-17 | കീഴൂർ ദേവസ്വംബോർഡ് കോളേജിലെ പെൺകുട്ടികൾക്കായി ശൗചാലയ നിർമ്മാണം PAC Rs. 11,27,203/- | 50,000/- | 5000+ VAT |

## നിബന്ധനകൾ

1. നിരതദ്രവ്യം ഓരോ പ്രവർത്തിക്കും പ്രത്യേകം പ്രത്യേകം ഏതെങ്കിലും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ പണയപ്പെടുത്തി ഡെപ്പോസിറ്റ് രസീതായി ഹാജരാക്കേണ്ടതാണ്.
2. ദർഘാസ് പ്രമാണങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് ലഭിക്കുന്നതും, ആയതിന്റെ അവസാന തീയതി 28-09-2016 ഉച്ചയ്ക്ക് ഒരുമണിവരെ ആയിരിക്കുന്നതുമാണ്.
3. ദർഘാസുകൾ അതേ ദിവസം പകൽ 3 മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം 3.30 ന് സന്നിഹിത രായിരിക്കുന്ന കരാറുകാരുടെയോ അവർ അധികാരപ്പെടുത്തിയ ഏജന്റുമാരുടേയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്.
4. കരാറുകാരുടെ തരംതിരിവ് സിവിൽ 5 ലക്ഷംരൂപാ വരെ അടങ്കൽ തുക വരുന്ന ജോലികൾക്ക് 'ഡി' ക്ലാസ്സും ഉപരിയും 15 ലക്ഷംവരെയുള്ളവർക്ക് 'സി' ക്ലാസും ഉപരിയും 55 ലക്ഷംവരെയുള്ളവർക്ക് 'ബി' ക്ലാസും ഉപരിയും അതിനു മുകളിലുള്ളവർക്ക് 'എ' ക്ലാസ്സും.
5. ടെൻഡർ സീരിയൽ നമ്പർ 6 ന് എസ്റ്റിമേറ്റ് PAC യുടെ 50% തുകയിൽ കൂടുതൽ, 5 വർഷത്തിനുള്ളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ സമയപരിധിക്കുള്ളിൽ ഒറ്റവർക്കായി പൂർത്തിയാക്കിയിട്ടുള്ളതായ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും വാങ്ങി ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതാണ്.
6. ദർഘാസ് സംബന്ധമായി തിരുവിതാംകൂർദേവസ്വം ബോർഡിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനു ബാധകമായിരിക്കും. ദർഘാസുകൾ യാതൊരുകാരണവും കാണിക്കാതെ നിരസിക്കുന്നതിനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കും. ഏതെങ്കിലും കാരണവശാൽ ദർഘാസ് തുറക്കുന്ന ദിവസം അവധിയായാൽ അടുത്ത പ്രവർത്തി ദിവസം മേൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് ദർഘാസ് സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.
7. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിനു വിധേയമായി മാത്രമേ പ്രവൃത്തിക്കുള്ള അനുവാദ ഉത്തരവ് നൽകുകയുള്ളു.

എക്സിക്യൂട്ടീവ്എഞ്ചിനീയറുടെകാര്യാലയം
തിരുവിതാംകൂർദേവസ്വംബോർഡ്, തിരുനക്കര, കോട്ടയം
ഫോൺ : 0481 - 2566227

ആർ.അജിത്കുമാർ
എക്സിക്യൂട്ടീവ് എൻജിനീയർ
(തിരുവിതാംകൂർദേവസ്വംബോർഡിനുവേണ്ടി)

തീയതി : 09-09-2016